## നീർത്തടാധിഷ്ഠിത വികസനമോ...?

# അതെന്തുഭാഷ!?

**പ്രകൃതിയെ നശിപ്പിക്കുന്ന ഏഴാംതരം വികസനത്തിന്റെ ഭാരം കൊണ്ട് മുങ്ങുന്ന കപ്പലായി കേരളം മാറുന്ന സാഹചര്യം നിലനിൽക്കുമ്പോഴും നീർത്തടാധിഷ്ഠിത വികസന സമീപനം പോലെയുള്ള കപട വാക്കുകൾ കൊണ്ടുള്ള വഞ്ചന ഭരണാധികാരികൾ തുടരുകയാണെന്ന് സമകാലിക അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു**

**സി. രാജഗോപലാൻ**

ഗ്രാമസഭ, ജനപങ്കാളിത്തം, സമഗ്രത, സുസ്ഥിരത, സ്വയം പര്യാപ്തത, പരിസ്ഥിതി സൗഹൃദപരം പ്രസംഗഭാഷയിൽ പറഞ്ഞാൽ "എന്തെന്ത് മോഹന സുന്ദര പദാവലികൾ.........!" ഇത്തരം വാക്കുകൾ കൊണ്ട് എമ്പാടും കസവിട്ടു നെയ്ത വികേന്ദ്രീകരണ - പങ്കാളിത്ത - വികസന സാഹിത്യം അതിന്റെ സങ്കൽപ്പസൗന്ദര്യം കൊണ്ട് കാൽപ്പനിക കാവ്യങ്ങളെ പോലും പിന്നിലാക്കുന്നു. പക്ഷേ 'ഏട്ടിലെ പശു പുല്ലു തിന്നില്ല' എന്നാണല്ലോ പഴംചൊല്ല് (വാക്കുകൾ, വാക്കുകൾ കൊണ്ട് നിങ്ങൾ വഞ്ചിക്കപ്പെട്ടുന്നു എന്ന് ജിദ്ദു കൃഷ്ണമൂർത്തി)

മേൽപ്പറഞ്ഞ പദാവലിയിലേയ്ക്ക് ഏറ്റവും ഒടുവിൽ കൂട്ടിച്ചേർക്കപ്പെട്ട കിടിലൻ പ്രയോഗമാണ് " നീർത്തടാധിഷ്ഠിത വികസന സമീപനം" . 1999 മുതൽ കേരളത്തിലെ പ്രാദേശിക വികസന സമീപനം നീർത്തടാധിഷ്ഠിതമാക്കുവാനാവശ്യമായ ശ്രമങ്ങൾ നടന്നുവരികയായിരുന്നു. അതിനായി പരിശീലനങ്ങളും കൈപ്പുസ്തകങ്ങളും ഒരുക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എങ്കിലും 2006- 07 മുതൽക്കാണ് നീർത്തടാധിഷ്ഠിത വികസന ശൈലി സർക്കാർ ഉത്തരവുകളിലൂടെ ഉറപ്പാക്കാനുള്ള യത്നങ്ങൾക്ക് ആക്കം വർദ്ധിച്ചത്. എന്നിട്ട് എവിടെയൊക്കെ എത്രത്തോളം ഇത് നടത്തപ്പെട്ടു എന്നന്വേഷിക്കുമ്പോഴാണ് "അപ്പീ, ഇതെന്തര് ഭാഷ!" എന്ന് നീർത്തടാധിഷ്ഠിത വികസന സമീപനത്തെ ചൊല്ലി തിരുവനന്തപുരത്തെ ശൈലിയിൽ കൗതുകം കൂറേണ്ടി വരുന്നത്. എന്തെന്നാൽ ഒരു വ്യാഴവട്ടക്കാലത്തെ ബോധവത്ക്കരണ - പരിശീലന- മാർഗ്ഗനിർദ്ദേശങ്ങൾക്കുശേഷവും കേരളത്തിലെവിടെയെങ്കിലും ഒരു ഗ്രാമത്തിലെങ്കിലും"ഇതാ നീർത്തടാധിഷ്ഠീത വികസനത്തിന് ഞങ്ങൾ സൃഷ്ടിച്ച ഒരു മാതൃക" എന്ന് എടുത്തുകാട്ടാനായി വിശേഷിച്ചൊന്നുമില്ല എന്നതാണ് പരമാർത്ഥം. മറിച്ച് ഇതിനു വിപരീത രീതിയിലുള്ള വികസനകാഴ്ച്ചകൾ പെരുകിക്കൊണ്ടിരിക്കുന്നുമുണ്ട്.

പ്രകൃതിയെ നശിപ്പിക്കുന്ന ഏഴാം തരം വികസനത്തിന്റെ ഭാരം കൊണ്ട് മുങ്ങുന്ന ഒരു കപ്പലാണ് കേരളം എന്ന പരാമാർത്ഥമാണ് നീർത്തടാധിഷ്ഠിത വികസന സങ്കൽപ്പത്തിലേയ്ക്കും സർക്കാർ ഉത്തരവിലേക്കും എത്തപ്പെട്ടത്.

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി 12 വർഷം മുമ്പ് (1998ൽ) അച്ചടിച്ചിറക്കിയ ആസൂത്രണസഹായി (3.M.8) കാർഷിക മേഖലയിലെ വികസനപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച ഒന്നായിരുന്നു. ഈ പുസ്തകത്തിലെ മൂന്നാമദ്ധ്യായ (പേജ് 21) ത്തിൽ വിവരിക്കുന്നത് നീർമറി വികസനപരിപാടി തയ്യാറാക്കുമ്പോൾ അടിസ്ഥാനമാക്കേണ്ട വസ്തുതകളാണ്.

കേരളത്തിൽ വെള്ളക്കെട്ടു പ്രദേശങ്ങൾ, തീരദേശങ്ങളിലെ നിരപ്പായ പഞ്ചായത്തുകൾ എന്നിവിടങ്ങളിലൊഴികെ മറ്റെല്ലായിടത്തും, നീർത്തടത്തിന്റെ അടിസ്ഥാനത്തിൽ സമഗ്ര പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കാൻ കഴിയും. ഇതിലേയ്ക്ക് പ്രാഥമികമായി വേണ്ടിവരുന്ന വിവരങ്ങൾ പഞ്ചായത്തുകൾ ശേഖരിച്ചു വച്ചിട്ടുണ്ട്. അവയും പുതുതായി വേണ്ടിവരുന്ന നീർമറിപ്രദേശ ചാർട്ടും കൂടിയാകുമ്പോൾ പ്രദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള ഒരു നീർമറി പദ്ധതിക്ക് രൂപം നൽകാനാവും.

"മുന്നൂറ് സെന്റിമീറ്ററലധികം മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ജലഭൗർലഭ്യം ഉണ്ടാകാൻ പാടില്ലാത്തതാണ്. നമ്മുടെ മണ്ണിലെ സസ്യപോഷകങ്ങളും സൂക്ഷ്മ സസ്യങ്ങളും ജലസംഭരണശേഷിയുമൊക്കെ നഷ്ടമായിക്കൊണ്ടിരിക്കുന്നതാണ് വിളവ് വർദ്ധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്".

“ശരിയായ പരിചരണം ലഭിക്കാത്ത പ്രദേശത്തു നിന്നും വർഷത്തിൽ ഒരു സെന്റിമീറ്റർ വരെ ആഴത്തിൽ മേൽമണ്ണ ഒലിച്ചു പോരാറുണ്ട്. അതായത് ഒരു ഹെക്ടറിൽ 40 ടൺ വരെ മേൽ മണ്ണ് നഷ്ടമാവുന്നു. പ്രകൃതിദത്തമായി 2.5 മീറ്റർ കനത്തിൽ മണ്ണ് രൂപാന്തരപ്പെട്ടുവരുവാൻ 1000 ൽ അധികം വർഷം വേണ്ടി വരും“

“ഒരു കൈയ്യിൽ പ്രകൃതിയേയും മറു കൈയ്യിൽ മനുഷ്യനേയും മൃഗസമ്പത്തിനേയും വെച്ച് തുലനം ചെയ്യുമ്പോൾ കിട്ടുന്ന ഏറ്റവും നല്ല സന്തുലനം ഏതാണോ അതാണ് നീർമറി വികസനത്തിന്റെ ഏറ്റവും ഫലപ്രദമായ മാതൃകയാവുക”.

നീർമറി വികസനത്തിന്റെ വിവിധ ഘടകങ്ങളും പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. നീർമറി വികസനത്തിന്റെ ഏറ്റവും കൂടുതൽ ഊന്നൽ നൽകേണ്ടത് മണ്ണു ജലസംരക്ഷണത്തിനാണെന്നും അതിനുള്ള ജൈവമാർഗ്ഗങ്ങളും ഈ അധ്യായത്തിൽ വിവരിക്കുന്നുണ്ട്”.

“വളരെ ചെലവുകുറഞ്ഞ സംരക്ഷണ മാർഗ്ഗങ്ങളാണിവ. സസ്യജാലങ്ങളെ ഫലപ്രമായി ഉപയോഗപ്പെടുത്തി മരാമത്ത് പണികൾ ഒഴിവാക്കുകയെന്നതുകൂടി ഇത്തരം പരിപാടികളുടെ മേൻമയാണ്”.

(ഒന്ന്) ബ്രഷ്‌വുഡ് ചെക്ക് ഡാം: മണ്ണൊലിപ്പ് തടയുന്നതിനും വെള്ളത്തിന്റെ കുത്തൊഴുക്ക് ഒഴിവാക്കുന്നതിനും വെള്ളമൊഴുകുന്ന ചാലുകളിലാണിവ നിർമ്മിക്കുക. വള്ളിച്ചെടികൾ, പുല്ലുകൾ, കുറ്റിച്ചെടികൾ, മരങ്ങൾ എന്നിവ വളർത്തിയോ സസ്യാവശിഷ്ടങ്ങൾ നിക്ഷേപിച്ചോ ഇതു ചെയ്യാം. കൈത, മുരിങ്ങ, മുരിക്ക്, ശീമക്കൊന്ന, സെറ്റേറിയ, കോംഗോസിഗ്നൽ, രാമച്ചം എന്നിവയും നാട്ടിൽ സുലഭമായി ലഭിക്കുന്ന മറ്റ് സസ്യാവശിഷ്ടങ്ങളും ഉപയോഗിച്ച് ഇവ നിർമ്മിക്കാം. ഇതുമൂലം ഒഴുക്കു ചാലിന്റെ വരമ്പിലെ മണ്ണിടിച്ചിൽ തടയാനും അടിയിലെ മണ്ണൊലിപ്പ് ഒഴിവാക്കാനുമാകും.

ഇത്ര സുവ്യക്തമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പന്ത്രണ്ടുവർഷങ്ങൾ പിന്നിടുമ്പോൾ കേരളത്തിലെ ഏതെങ്കിലുമൊരു ഗ്രാമപഞ്ചായത്ത്, ഏതെങ്കിലുമൊരു വാർഡിലെങ്കിലും ഒരു പദ്ധതിയുടെ ഭാഗമായി തോടിലെങ്കിലും കുത്തൊഴുക്കും മണ്ണൊലിപ്പും ഈ വിധത്തിൽ തടഞ്ഞിട്ടുണ്ടോ എന്നന്വേഷിക്കാൻ ആരെങ്കിലും ഒരുമ്പെടുകയാണെങ്കിൽ വല്ലാതെ നിരാശപ്പെടും. മറിച്ച് പ്രകൃത്യാൽ പുല്ലും, വള്ളികളും തോട്ടു കൈതകളും വളർന്ന് കുത്തൊഴുക്കും മണ്ണൊലിപ്പും പ്രകൃതി സ്വയം തടഞ്ഞ പതിനായിരക്കണക്കിന് നീർച്ചാലുകൾ, പച്ചപ്പുമുഴുവൻ വെട്ടിമാറ്റി വേരുകൾ കിളച്ചു പറിച്ചുകളഞ്ഞ്, കരിങ്കലും സിമെന്റും കോൺക്രീറ്റും കെട്ടി സൂക്ഷ്മ നീർത്തട ആവാസ വ്യവസ്ഥകളെ അമ്പേ നശിപ്പിച്ചത് കേരളത്തിലെങ്ങും കാണുന്ന കാഴ്ചയാണ്. (കേരളത്തിലെ ഏതെങ്കിലും ഒരു അസി. എഞ്ചിനീയറോ, ഓവർസീയറോ ബ്രഷ്‌വുഡ് ചെക്ക് ഡാം നിർമ്മിച്ചതായി കേട്ടാൽ അപൂർവ്വ ബഹുമതിയായി പ്രത്യേക അവാർഡ് നൽകാവുന്നതാണ്.) (തോട്ടിലും വഴിയോരങ്ങളിലും മണ്ണൊലിപ്പ് തടയാനും ജൈവവൈവിധ്യം നിലനിർത്താനുമായി പ്രകൃതി ഒരുക്കിയ പച്ചപ്പുകൾ വെട്ടിയും ചെത്തിയും കളയലാണ് കേരളത്തിലെ തൊഴിലുറപ്പ് പദ്ധതികളിലും നടക്കുന്നത്.)

മൾച്ചിങ്ങ്, സസ്യപ്രതിബന്ധങ്ങൾ, ജൈവവേലി നിർമ്മാണം, ബഹുതലകൃഷി, സാമൂഹ്യവനവത്ക്കരണം, സ്ട്രിപ്പു കൃഷി, ആവരണച്ചെടി വളർത്തൽ, മിശ്രിത കൃഷി, പുല്ലു വെച്ചു പിടിപ്പിക്കൽ എന്നിങ്ങനെ ഭാവനപൂർണ്ണമായ മണ്ണു ജലസംഭരണരീതികൾ പലതും പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

മണ്ണ് ജല സംരക്ഷണത്തിന്റെ ജൈവമാർഗ്ഗങ്ങളോടൊപ്പം, നീർത്തടാധിഷ്ഠിത വികസനത്തിനനുയോജ്യമായ സംയോജിത, സമ്മിശ്ര കൃഷിരീതികളും, സാമൂഹ്യ വനവത്ക്കരണ രീതികളും, തീറ്റപുൽ കൃഷിയും, ജൈവവള നിർമ്മാണവും, പുതയിടലും കാലി വളർത്തലുമെല്ലാം വിശദമായി പ്രതിപാദിപ്പിക്കപ്പെടുന്നു. സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി പറമ്പുകളിൽ നിലനിന്നിരുന്ന കാവുകൾ സംരക്ഷിച്ചു നിർത്തുവാൻ കുടുംബങ്ങളെയും സമൂഹത്തെയും പ്രേരിപ്പിക്കാമെന്നും ഉദ്ബോധിപ്പിക്കുന്നുണ്ട്.

“നമ്മുടെ നാടിനും തോടിനും റോഡുവക്കിനുമിണങ്ങിയതും ജനോപകാരപ്രദവുമായ ഫല വർഗ്ഗവിളകളായ മാവ്, പ്ലാവ്, അയണി, പൂവ്വരശ് തുടങ്ങിയവ വച്ചു പിടിപ്പിക്കണം. ക്ഷേത്ര പരിസരത്തും, സ്ക്കൂൾ, ആശുപത്രി വളപ്പ്, തോട് – പുഴയോരങ്ങൾ എന്നിവിടങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കണം.” ജൈവ വൈവിധ്യ സംരക്ഷണത്തെ കുറിച്ച് എട്ടാം അധ്യായത്തിൽ വിവരിക്കുന്നു.

പ്രാദേശിക വികസനം വിവേകപൂർവ്വമാക്കാനായുള്ള സ്ഥലസംരക്ഷണത്തെകുറിച്ചും നീർത്തടാധിഷ്ഠിത വികസനരീതിയെക്കുറിച്ചും ജൈവ വൈവിധ്യ സംരക്ഷണത്തെക്കുറിച്ചുമുള്ള മാർഗ്ഗ നിർദ്ദേശങ്ങളും കൈപ്പുസ്തകങ്ങളും ബോധവത്ക്കരണ-പരിശീലനപരിപാടികളും പഠനക്കളരികളുമെല്ലാം കൊണ്ട് സമ്പന്നമായിരുന്നു കഴിഞ്ഞ ഒരു വ്യാഴവട്ടകാലം. അടുത്ത അഞ്ച് വർഷത്തേയ്ക്ക് ഭരണസാരഥ്യം വഹിക്കുന്നവരെ തെരഞ്ഞെടുക്കാനുള്ള ഈ അവസരത്തിൽ, മേൽപ്പറഞ്ഞ വിധമുള്ള ഒരു വികസന- പരിസ്ഥിതി സാക്ഷരതയുള്ളവർ സ്ഥാനാർത്ഥികളായവരിൽ എത്ര പേരുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതുണ്ട്.

തകർക്കുന്ന തെരഞ്ഞെടുപ്പ് ജാഥകൾക്കും പ്രസംഗങ്ങൾക്കും മുൻപിലൂടെ, ഇപ്പോഴും കുന്നിടിച്ച് നിറച്ച്, ശേഷിക്കുന്ന വയലിലേയ്ക്ക് പാഞ്ഞ് പോകുന്ന ടിപ്പറുകളും, നിയമം ലംഘിച്ച് അവസാനത്തെ തരി മണലും മാന്തിയെടുത്ത് പോകുന്ന ലോറികളും യഥേഷ്ടം കാണാം. കരിങ്കൽ ക്വാറികളുടേയും, ചെങ്കൽ മടകളുടേയും, ഇഷ്ടിക കളങ്ങളുടേയും അനധികൃത മണൽകടവുകളുടെയും എണ്ണം കൂടുക തന്നെയാണ്. ഒരു കമ്പു പച്ചിലപോലും മണ്ണിലിടാനില്ലാതെ രാസവളങ്ങൾ വിതറി, ഒപ്പം കരാട്ടെയും, കാർബോഫുറാനും പ്രയോഗിച്ചുകൊണ്ടുള്ള നെല് കൃഷിയും, വാഴകൃഷിയും പച്ചക്കറികൃഷിയുമാണ് (ഒറ്റപ്പെട്ട ഉദാഹരണങ്ങൾ മറിച്ചുണ്ടാവും) എങ്ങും നടക്കുന്നത്. മിലിട്ടറി വാഹനങ്ങളെ ഓർമ്മിപ്പിക്കുന്ന കൃഷി യന്ത്രങ്ങൾ ഓരോ തവണയും വയലിലിറങ്ങി കയറുമ്പോൾ സംഭവിക്കുന്നതി നിശബ്ദമായ കൂട്ടക്കൊലപാതകമാണ്!

ചുവരില്ലാതെ ചിത്രം എഴുതാനാവില്ല എന്നതൊരു പഴമൊഴിയാണ്. വികസനമാകുന്ന ചുമരെഴുതാനുള്ള ചുമരാണ് വയലും, പറമ്പും, കാടും, മലയും പുഴയും, സസ്യജന്തു വൈവിധ്യവുമൊക്കെ. ഇതെല്ലാം അനുദിനം നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കെ, നാളെ മനോഹരമായ സങ്കൽപ്പവികസനം പ്രായോഗികമാക്കുവാൻ ഈ ഭൂമി ബാക്കി കാണുമോ, അതോ തെരഞ്ഞെടുപ്പ് പ്രചരണത്തിനെന്നപോലെ വികസന ചിത്രങ്ങൾ വരക്കാൻ ഫ്ളക്സ് മതിയോ? വോട്ടർമാരും സ്ഥാനാർത്ഥികളും തീരുമാനിക്കാൻ ബാധ്യസ്ഥരാണ്.

*ഗോവിന്ദാലയം*
*പള്ളിപ്പുറം, പട്ടാമ്പി*